**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 284** **04-08-2021 - ൽ മറുപടിയ്ക്ക്**

**ആരാധനാലയങ്ങൾ തുറക്കുന്നതിനുള്ള അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | **Shri. Pinarayi Vijayan**<br>(മുഖ്യമന്ത്രി) | |
| (എ) | വെള്ളിയാഴ്ചയിലെ ജുമാ നമസ്കാരത്തിന് മുസ്‌ലിം പള്ളികളും ഞായറാഴ്ച പ്രാർത്ഥനകൾക്കായി ക്രൈസ്തവ ദേവാലയങ്ങളും ക്ഷേത്രങ്ങളും തുറന്ന് പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ? | (എ) | കോവിഡ്-19 മഹാമാരിയെ പ്രതിരോധിക്കുന്നതിന് ശാസ്ത്രീയമായതും ചിട്ടയായതും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയുമുള്ള രോഗ നിയന്ത്രണ മാർഗ്ഗങ്ങളും മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളുമാണ് സംസ്ഥാനത്ത് സജ്ജമാക്കിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളെ കോവിഡ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ (TPR) അടിസ്ഥാനത്തിൽ എ,ബി,സി,ഡി എന്നിങ്ങനെ 4 കാറ്റഗറികളായി തരംതിരിച്ച് പ്രസ്തുത പ്രദേശങ്ങളിൽ അനുവദനീയമായ മേഖലകൾക്ക് ഇളവുകൾ അനുവദിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി രോഗ വ്യാപനത്തോതും ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കും കുറവുള്ള എ, ബി എന്നീ കാറ്റഗറികളിലുൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിൽ കർശനമായ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ആരാധനാലയങ്ങളിൽ പരമാവധി 15 പേർക്ക് പ്രവേശനത്തിന് അനുമതി നൽകിയിട്ടുണ്ട്. അതു കൂടാതെ സവിശേഷ ആഘോഷ വേളകളിൽ (Special occasions of celebrations) പരമാവധി 40 പേർക്കും ആരാധനാലയങ്ങളിൽ പ്രവേശനം അനുവദിച്ചിട്ടുണ്ട്. നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ രോഗ വ്യാപന തീവ്രത കുറയ്ക്കുന്നതിന് അനിവാര്യമാണ്. സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി നിലവിലെ സാഹചര്യം നിരന്തരം നിരീക്ഷിച്ചു വരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചും വിദഗ്ധ സമിതിയുടെ ശിപാർശകൾ പരിഗണിച്ചും സംസ്ഥാനത്തിന്റെ സാഹചര്യം സസൂക്ഷ്മം വിലയിരുത്തിയും നിയന്ത്രണങ്ങളിൽ ആവശ്യമായ സന്ദർഭങ്ങളിൽ മാറ്റം വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ